

വി: ദൈവമാതാവിൻെറ ശൂനോയോ പെരുന്നാൾ ആഗസ്റ്റ് 15–ന്
എട്ടുനോമ്പു പെരുന്നാളും സുവിശേഷ മഹായോഗവും
2009 സെപ്റ്റമ്പർ 1 മുതൽ 8 വരെ തീയ്യതികളിൽ

## വി: ദൈവമാതാവെ ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമെ



# വികാരിയച്ചന്റെ സന്ദേശം

## ഉത്തരവാദിത്വത്തിലേക്ക് ഒരു ഉണർത്തുപാട്ട്.

ഉത്തരധ്രുവം മഞ്ഞുപുതയ്ക്കുമ്പോൾ ദേശാടനപ്പക്ഷികൾ യാത്ര തുടങ്ങുന്നു. അസ്ഥികളെ മരവിപ്പിക്കുന്ന തണുപ്പിൽ നിന്നും രക്ഷപെടാനാണ് രാജ്യങ്ങൾ താണ്ടിയുള്ള ഈ ആകാശഗമനം.

പെരുഞ്ഞാറ കൊക്ക്, കുറുപ്രാവ്, മീവൽ എന്നിവ ദേശാടന പ്പക്ഷികളുടെ കൂട്ടത്തിലെ മുന്നോടികളാണ്. നമ്മുടെ കൊച്ചുകേരളം പോലും ഈ വിദേശികളുടെ താവളമാകുക പതിവാണ്. പക്ഷേ, ദൈവത്തിന്റെ സ്വന്തം നാട്ടുകാരിൽ ചിലർ ഈ പക്ഷികളെ ഭക്ഷണമായിട്ടാണ് കാണുന്നത്! നമ്മുടെ നാട്ടുകാരുടെ കെണികളിൽ നിന്നും രക്ഷപെടുന്ന ചുരുക്കം ചില ഭാഗ്യവാന്മാർ ഈ പക്ഷികളുടെ കൂട്ടത്തിലൂണ്ടാവും. അവർ സ്വദേശത്ത് അനുകൂല കാലാവസ്ഥ വന്നെത്തുമ്പോൾ മടക്കയാത്ര തുടങ്ങുകയായി.

ദേശാടനപ്പക്ഷികളുടെ ഈ പ്രതിഭാസം ദൈവമക്കളെ പ്രബോധിപ്പിക്കുവാൻ പ്രവാചകനിലൂടെ ദൈവം വെളിപ്പെടുത്തിയിട്ടുള്ളത് ശ്രദ്ധേയമാണ്. ആകാശത്തിലെ പെരുഞ്ഞാറ തന്റെ കാലം അറിയുന്നു. കുറുപ്രാവും മീവൽപക്ഷിയും കൊക്കും മടങ്ങിവരവിനുള്ള സമയം അനുസരിക്കുന്നു. എന്റെ ജനമോ യഹോവയുടെ ന്യായം അറിയുന്നില്ല. (യിരെമ്യാവ് 8:7)

നിസ്സാര ജീവികളായ ഈ പക്ഷികൾ പോലും കാലത്തേയും സമയത്തേയും വിവേചിച്ച് വിവേകപൂർവ്വം പ്രവർത്തിക്കുന്നു. എന്നിട്ടും, ദൈവസൃഷ്ടിയുടെ മണിമകുടമായ മുഷ്യൻ കാലലക്ഷണങ്ങളെ വിവേചിച്ചറിഞ്ഞ് ജീവിക്കുന്നില്ല. ഇതു നിമിത്തം സൃഷ്ടിതാവിന്റെ ഹൃദയം വിങ്ങുന്നു.

സന്ധ്യാസമയത്തു ആകാശം ചുവന്നു കണ്ടാൽ നല്ല തെളിവാകും എന്നും രാവിലെ ആകാശം മൂടി ചുവന്നു കണ്ടാൽ ഇന്നു മഴക്കോൾ ഉണ്ടാകും എന്നും നിങ്ങൾ പറയുന്നു. ആകാശത്തിന്റെ ഭാവം വിവേചിപ്പാൻ നിങ്ങൾ അറിയുന്നു., എന്നാൽ കാലലക്ഷണങ്ങളെ വിവേചിപ്പാൻ കഴികയില്ലയോ? (മത്തായി 16:23)

പടിഞ്ഞാറു നിന്നു മേഘം പൊങ്ങുന്നതു കാണുമ്പോൾ പെരുമഴവരുന്നു എന്നു നിങ്ങൾ ഉടനെ പറയുന്നു. അങ്ങനെ സംഭവിക്കുകയും ചെയ്യുന്നു. തെക്കൻകാറ്റു ഊതുന്നുതു കണ്ടാലോ അത്യുഷ്ണം ഉണ്ടാകും എന്നു പറയുന്നു. അതു സംഭവിക്കുകയും ചെയ്യുന്നു. കപടഭക്തിക്കാരേ, ഭൂമിയുടേയും ആകാശത്തിന്റെയും ഭാവത്തെ വിവേചിപ്പാൻ നിങ്ങൾക്കു അറിയാം. എന്നാൽ ഈ കാലത്തെ വിവേചിപ്പാൻ അറിയാത്തതു എങ്ങനെ? (ലൂക്കോസ് 12:54-57)

യേശുക്രിസ്തുവിന്റെ രക്തത്താൽ വീണ്ടെടുക്കപ്പെട്ടവർ ഏവരും ദൈവമക്കളാണ്. സ്വർഗ്ഗീയ ജനനം പ്രാപിച്ചവരെ ചേർക്കുവാൻ കർത്താവായ യേശുക്രിസ്തു എത്രയും വേഗം മടങ്ങിവരും. കർത്താവിന്റെ വരവിനു മുമ്പായി നാം ചെയ്തുതീർക്കേണ്ട ഉത്തരവാദിത്വങ്ങളുണ്ട്. ഉത്തരവാദിത്വങ്ങൾ മറന്നുകൊണ്ടുള്ള ജീവിതത്തെ ഉറക്കത്തോടാണ് ബൈബിൾ ഉപമിക്കുന്നത്.

യിസ്രായേലിനെ ശത്രുക്കളിൽ നിന്നും രക്ഷിക്കുവാൻ ദൈവം ശിംശോന്റെമേൽ ദൈവാത്മ ശക്തി പകർന്നു. ആത്മശക്തിയാൽ അത്ഭുതങ്ങൾ പ്രവർത്തിച്ച ശിംശോനെ ദലീല മടിയിൽ കിടത്തി ഉറക്കി. ശിംശോൻ വിശ്രമിക്കുവാനല്ല, മറിച്ച് അവന്റെ വിശേഷശക്തിയുടെ രഹസ്യം മനസ്സിലാക്കിയിട്ട് അവനെ ശേഷം മനുഷ്യരെപ്പോലെ ആക്കുവാനാണ് ദലീല അവനെ ഉറക്കിയത്. ദലീല തന്റെ ശ്രമത്തിൽ വിജയിച്ചു.

നാശത്തിന്റെ വക്കിൽ ജീവിച്ച നിനവെ പട്ടണക്കാർക്കുള്ള രക്ഷാസന്ദേശം ദൈവം യോനയെ ഭരമേൽപ്പിച്ചു. പക്ഷേ, ഉത്തരവാദിത്വം മറന്ന യോന തർശീശ് കപ്പലിന്റെ അടിത്തട്ടിൽ കിടന്ന് ഉറങ്ങി. ഇന്ത്യയിലെ ഗ്രാമങ്ങളിലും പട്ടണങ്ങളിലും നശിക്കുന്ന ജനകോടികൾക്കുള്ള രക്ഷാസന്ദേശം ലഭിച്ചവരിൽ പലരും ഇന്ന് സുഖലോലുപതയുടെ മടിത്തട്ടിൽ ഉറക്കത്തിലാണ്.കർത്താവിന്റെ വരവിനുമുമ്പേ അവർ ഉറക്കത്തിൽ നിന്നും മടങ്ങിവന്നിരുന്നെങ്കിൽ കൊള്ളാമായിരുന്നു.

ഇതു ചെയ്യേണ്ടതു ഉറക്കത്തിൽ നിന്നു ഉണരുവാൻ നാഴിക വന്നിരിക്കുന്നു എന്നിങ്ങനെ, നിങ്ങൾ സമയത്തെ അറികയാൽ തന്നേ, നാം വിശ്വസിച്ച സമയത്തെക്കാൾ രക്ഷ ഇപ്പോൾ നമുക്കു അധികം അടുത്തിരിക്കുന്നു. രാത്രി കഴിവാറായി പകൽ അടുത്തിരിക്കുന്നു. അതുകൊണ്ടു നാം ഇരുട്ടിന്റെ പ്രവൃത്തികളെ വെച്ചുകളഞ്ഞു വെളിച്ചത്തിന്റെ ആയുധവർഗ്ഗം ധരിച്ചുകൊൾക. (റോമർ 13:11-12).

ആത്മികർ സകലത്തെയും വിവേചിക്കേണ്ടവരാണ് (2 കൊരി. 2:15.) വിശേഷാൽ, കാലത്തെയും കാല ലക്ഷണങ്ങളെയും വിവേചിപ്പാനുള്ള വരം ലഭിക്കേണ്ടതിന് നമുക്ക് ദൈവത്തോട് പ്രാർത്ഥിക്കാം.

സ്നേഹാശംസകളോടെ നിങ്ങളുടെ പോൾ അച്ചൻ

## പി. ജെ ജേക്കബ് കോർ-എപ്പിസ്ക്കോപ്പാ മേൽപ്പട്ട സ്ഥാനത്തേക്ക്



യാക്കോബായ സുറിയാനി സഭയുടെ കീഴിലുള്ള മംഗലാപുരം ഹോണവാർ മിഷൻെറ സഹായ മെത്രാപ്പോലീത്തയായി പി. ജെ ജേക്കബ് കോർ-എപ്പിസ്ക്കോപ്പയെ വാഴിക്കാൻ പരിശുദ്ധ പാത്രിയർക്കീസ് ബാവ അനുമതി നൽകി. മെത്രാഭിഷേകം ഈ മാസം 23-ന് ദമാസ്ക്കസിലെ പാത്രിയർക്കാ അരമനയിൽ നടക്കും.

1952 ജൂലായ് 12-ന് പിറവം കലമ്പൂരിൽ പ്ലാന്തോട്ടത്തിൽ കെ. സി ജോൺ ഏലിയാമ്മ ദമ്പതികളുടെ പുത്രനായി ജനിച്ചു. 1958-ൽ ഉടുപ്പി ജില്ലയിലെ കള്ള ങ്കിയിലേക്ക് കുടിയേറി. മൈസൂർ യൂണിവേഴ്സിറ്റിയിൽ നിന്നും സോഷ്യോളജിയിൽ ബിരുദാനന്തര ബിരുദം നേടിയശേഷം മലേക്കുരിശ് ദയറായിൽ നിന്ന് വൈദീക വിദ്യാഭ്യാസം നേടി. തോമസ് മോർ ഒസ്താത്തിയോസ് മെത്രാപ്പോലീത്തായിൽ നിന്നും ശെമ്മാശ പട്ടവും, ബസേലിയോസ് പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവായിൽ നിന്നും കശീശാ പട്ടവും സ്വീകരിച്ചു. ഗിവർഗീസ് മോർ പോളിക്കാർപ്പസ് മെത്രാപ്പോലീത്താ കോർ-എപ്പിസ്ക്കോപ്പാ സ്ഥാനവും നൽകി.

**ബഹറിൻ സെൻറ് പീറേറഴ്സ് ഇടവകയുടെ മംഗളാശംസകൾ**

# Announcements

**ആഗസ്റ്റ് 6 കൂടാരപെരുന്നാൾ. വി. കുർബ്ബാന 5–ാം തീയ്യതി ബുധനാഴ്ച വൈകീട്ട് 7:30 ന്**

## Chain Prayer

യൂത്ത് അസ്സോസിയേഷന്റെ ആഭിമുഖ്യത്തിൽ നടത്തിവരുന്ന 53–ാമത് chain prayer ആഗസ്റ്റ് മാസം 18– ാം തീയ്യതി ചൊവ്വാഴ്ച സന്ധ്യാ പ്രാർത്ഥനയോടെ ആരംഭിച്ച് 19–ാം തീയ്യതി ബുധനാഴ്ച മദ്ധ്യസ്ഥ പ്രാർത്ഥനയോടെ അവസാനിക്കുന്നു.

## ശൂനോയോ നോമ്പ്.

**വിശുദ്ധ ദൈവമാതാവിൻെറ ശൂനോയോ നോമ്പ് ആഗസ്റ്റ് 1 മുതൽ. ശൂനോയോ പെരുന്നാളും വി. കുർബ്ബാനയും ആഗസ്റ്റ് 15 ശനിയാഴ്ച വൈകീട്ട് 7:30–ന്. 16 ഞായറാഴ്ച വി.കുർബ്ബാന ഉണ്ടായിരിക്കുന്നതല്ല.**

## വേനൽക്കാല അവധിക്ലാസ്സ്

**നമ്മുടെ ഇടവകയിൽ എല്ലാവർഷവും വിദ്യാർത്ഥികൾക്കായി നടത്തിവരാറുള്ള വേനൽക്കാല അവധി ക്ലാസ്സ് (summer vacation class) ഈ വർഷം 2009 ആഗസ്റ്റ് 1 മുതൽ 29 വരെ (ശനി, തിങ്കൾ, ചൊവ്വ, ദിവസങ്ങളിൽ വൈകീട്ട് 7 മുതൽ 9 വരെ) നടന്നുവരുന്നു. Art & Craft, Drawing, Music, Magic, Painting, Malayalam Learning, First Aid, Embroidery, etc…. തുടങ്ങി വിവിധ വിഷയങ്ങളിൽ പരിശീലനം നൽകുന്ന ഈ ക്ലാസ്സിൽ പങ്കെടുക്കുവാൻ താല്പര്യമുള്ളവർ പള്ളി ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്.**

## Cottage Prayer Meeting

ഈ മാസത്തെ Cottage Prayer Meeting (ഭവന പ്രാർത്ഥനാ യോഗം) 2009 ആഗസ്റ്റ് 28 വെള്ളിയാഴ്ച വൈകീട്ട് 7:30–ന് പള്ളിയിൽവച്ച് നടത്തപ്പെടുന്നു. വിശ്വാസികൾ ഏവരും വന്ന് സംബന്ധിച്ച് അനുഗ്രഹീതരാകുവാൻ കർതൃ നാമത്തിൽ അഭ്യർത്ഥിക്കുന്നു. ഈ മാസത്തെ Cottage Prayer Meeting ഏറ്റെടുത്ത് നടത്തുന്നത് ശ്രീ. ബെന്നി റ്റി ഏലിയാസ്സ്.

Cottage Prayer Meeting നടത്തുവാൻ താൽപര്യമുള്ളവർ ശ്രീ രാജു. കെ വർഗ്ഗീസിനെ ബന്ധപ്പെടുക. (39974567) വീടുകളിൽ നടത്തുവാൻ സൗകര്യമില്ലാത്തവർക്ക് പള്ളിയിൽ വച്ച് നടത്തുന്നതിന് സൗകര്യമുണ്ടായിരിക്കും.

## ഭക്ത സംഘടനാ യോഗങ്ങൾ

യൂത്ത് അസ്സോസിയേഷൻ പ്രതിമാസ യോഗം എല്ലാ രണ്ടാം വെള്ളിയാഴ്ചകളിലും, മൊർത്ത്–മറിയം വനിതാ സമാജം എല്ലാ ഒന്നും, മൂന്നും വെള്ളിയാഴ്ചകളിലും, സോഷ്യൽ സർവ്വീസ് ലീഗ് എല്ലാ നാലാം വെള്ളിയാഴ്ചകളിലും നടത്തപ്പെടുന്നു.

## നിര്യാതരായി

നമ്മുടെ ഇടവകാംഗംങ്ങളായ ശ്രീ തങ്കച്ചൻ ജേക്കബിൻെറ [T-017] സഹോദരി ഭർത്താവ്, ശ്രീ പീ. വി വർഗ്ഗിസിൻെറ [V-002] പിതാവ്, ശ്രീ ബെന്നി സി. മത്തായിയുടെ [B-050] മാതാവ് എന്നിവർ കർത്താവിൽ നിദ്ര പ്രാപിച്ചു. പരേതരുടെ ആത്മശാന്തിക്കായി പ്രാർത്ഥിക്കുന്നതോടൊപ്പം സന്തപ്ത കുടുംബാംഗങ്ങളോടുള്ള അനുശോചനം രേഖപെടുത്തുന്നു.

## യാത്രാ മംഗളങ്ങൾ



ബഹറിനിലെ പ്രവാസ ജീവിതം അവസാനിപ്പിച്ച് ജന്മനാട്ടിലേക്ക് തിരിച്ചു പോകുന്ന നമ്മുടെ ഇടവകാംഗം ശ്രീ: ഇയ്യോബ് കെ അബ്രാഹാമിന് എല്ലാവിധ യാത്രാ മംഗളങ്ങളും നേരുന്നു. അദ്ദേഹത്തിൻെറ ഭാവി ഉദ്യമങ്ങൾക്ക് എല്ലാ ഭാവുകങ്ങളും ആശംസിക്കുന്നു.

## മെഡിക്കൽ ക്യാമ്പ്

യൂത്ത് അസ്സോസിയേഷൻെറ സാമൂഹിക സേവനങ്ങളുടെ ഭാഗമായി 2009 ജൂലായ് 17 വെള്ളിയാഴ്ച രാവിലെ 10 മുതൽ ഉച്ചക്ക് 1 മണി വരെ നമ്മുടെ പള്ളിയിൽ വച്ച് അമേരിക്കൻ മിഷൻ ആശുപത്രിയുടെ നേതൃത്വത്തിൽ സൗജന്യ മെഡിക്കൽ ക്യാമ്പ് നടത്തി. വിവിധ വിഭാഗങ്ങളിലുള്ള പ്രശസ്ത ഡോക്ടർമാരുടെ സേവനം ലഭ്യമായ ഈ ക്യാമ്പിൽ ഇടവകാംഗങ്ങൾക്കൊപ്പം വിവിധ ലേബർ ക്യാമ്പുകളിൽ നിന്നുള്ള വിവിധ ദേശക്കാരായ ഇരുന്നൂറോളം ആളുകൾ ഈ അവസരം പ്രയോജനപ്പെടുത്തി

## V B S -2009

സണ്ടേസ്ക്കൂളിൻെറ നേതൃത്വത്തിൽ എല്ലാ വർഷവും നടത്തിവരാറുള്ള vacational bible scholl 2009 ജൂലായ് 3 വെള്ളിയാഴ്ച മുതൽ ജൂലായ് 10 വെള്ളിയാഴ്ച വരെ നടത്തപെട്ടു. പള്ളിക്കു ചുറ്റും റാലിയോടെ VBS സമാപിച്ചു

KCEC–യുടെ ഈ വർഷത്തെ മാനേജിംഗ് കമ്മറ്റിയിലേക്ക് നമ്മുടെ ഇടവകയിൽ നിന്നും ജോർജ്ജ് തോമസ്സ്, ഷാജ് ബാബു, രാജു കെ വർഗ്ഗീസ് എന്നിവർ യഥാക്രമം എക്സ്–ഒഫീഷ്യോ, ട്രഷറർ, കമ്മറ്റിയംഗം എന്നീ സ്ഥാനങ്ങളിലേക്ക് തെരെഞ്ഞെടുക്കപ്പെട്ടു.

# ദൈവമാതാവിൻെറ ശൂനോയോ പെരുന്നാൾ
# (രണ്ടാമത്തെ സ്വർഗ്ഗം)

ദൈവ ഭക്തർ ഇഹലോക ജീവിതം വെടിഞ്ഞ് വാങ്ങിപ്പോകുമ്പോൾ മാലാഖമാരും, പുണ്യാത്മാക്കളും ഇറങ്ങി അവരുടെ ആത്മാക്കളെ സാഘോഷം സ്വർഗ്ഗത്തേക്കു കൊണ്ടുപോകുന്നു എന്ന് വി. വേദപുസ്തകവും ചരിത്രവും സാക്ഷിക്കുന്നു. (ലൂക്കോസ് 16:22) എങ്കിൽ രണ്ടാം സ്വർഗ്ഗവും കറയില്ലാത്തവളുമായ വി. കന്യകമറിയാമിൻെറ നിര്യാണവസരത്തിങ്കൽ സംഭവിച്ച കാര്യങ്ങൾ എത്രയോ മോടിയായിരുന്നുവെന്ന് ഊഹിക്കാമല്ലോ. അതുകൊണ്ട് ഈ പെരുന്നാൾ വി: സഭയിൽ ആദ്യ കാലം മുതൽ തന്നെ ആഘോഷ സമന്വിതം കൊണ്ടാടുന്നു.

ദൈവമാതാവിൻെറ നിര്യാണത്തെക്കുറിച്ച് അനവധി ചരിത്രങ്ങൾ ഉണ്ടെങ്കിലും അത് വേദപിപരീതികളാൽ രചിച്ചിട്ടുള്ളവയാകയാൽ അവയെ പൂർണ്ണമായി സ്വീകരിക്കുവാൻ നിർവാഹമില്ല. നിര്യാണസ്ഥലം എഫേസോസോ ഊർശ്ലേമോ ആയിരിക്കാം. കാലം ഏ. ഡി 75 എന്ന് വിചാരിക്കാം. സാഹചര്യങ്ങൾ വളരെ ആഘർഷണങ്ങളാണ്. ജീവനോടിരിക്കുന്നവരും മരിച്ചുപോയവരുമായ സകല നിബിയന്മാരും ശ്ലീഹന്മാരും പിതാക്കന്മാരും സന്നിഹിതരായിരുന്നു. ദൈവം മോശയോടു ചെയ്തതുപോലെ ആരും സ്ഥലം അറിയാതിരിക്കുവാൻ അവളുടെ കബറിനെ ദൈവം മറച്ചു കാണും. (ആവ:34:5–7) അങ്ങനയല്ല കബറടക്ക സമയത്ത് യൂഹാനോൻ ശ്ലീഹാ മാത്രമെ ഉണ്ടായിരുന്നുള്ളുവെന്നും അവളുടെ അപേക്ഷ പ്രകാരം അദ്ദേഹം കബറിനെ മറ്റുള്ളവരുടെ ദൃഷ്ടിയിൽ പ്പെടാതെ മറച്ചുവച്ചുവെന്നും മോശെബർകീപ്പാ രേഖപ്പെടുത്തിയിരിക്കുന്നു. അതുമല്ലാ യഹൂദർ അവളെ അപമാനിക്കാതിരിക്കുവാൻ വേണ്ടി ദൈവം അവളുടെ കബറിനെ മൂടി എന്ന് മറ്റൊരു ചരിത്രകാരൻ രേഖപ്പെടുത്തിയിരിക്കുന്നു. അവൾ പറുദീസയിലേക്ക് എടുക്കപ്പെട്ടുവെന്ന് നമ്മുടെ സഭാക്രമങ്ങൾ പറയുന്നു. വാങ്ങിപ്പ് അഥവാ മരണം എന്നാണല്ലോ ഈ പെരുന്നാളിൻെറ പേര്. വിശുദ്ധ മാതാവ് സ്വർഗ്ഗാരോഹണം ചെയ്തിരുന്നുവെങ്കിൽ ദൈവമാതാവിൻെറ സ്വർഗ്ഗാരോഹണപ്പെരുന്നാൾ എന്നൊന്നു സഭ ക്രമീകരിക്കുമായിരുന്നു. അവളുടെ ശരീരം എവിടെയായിരുന്നാലും അവളുടെ പ്രാർത്ഥന എല്ലായ്പ്പോഴും നമ്മോടുകൂടിയുണ്ട്. ഏതായാലും അവൾ ശരീരത്തോടുകൂടി സ്വർഗ്ഗാരോഹണം ചെയ്തു എന്നു പറയുന്നത് തികച്ചും അവാസ്തവമാണ്.

## നല്ല പങ്ക് (ലൂക്കോസ് 10:38–42)

ദൈവമാതാവിൻെറ ജീവിതത്തിലേക്കു ഒരു വിഹഗവീക്ഷണം നടത്തുകയാണെങ്കിൽ അവൾ അനശ്വരമായതും ഭാഗ്യമുള്ളതുമായ ഒരു നല്ല പങ്ക് തെരെഞ്ഞെടുത്തിരിക്കുന്നു എന്നു കാണുവാൻ കഴിയും. അവൾ യേശു ക്രിസ്തുവിനായി എപ്പോഴും കാത്തിരുന്നു അങ്ങനെ അവൾ അദ്ദേഹത്തെ സമ്പാദിച്ചു. ദൈവത്തോട് ഒന്നായിത്തീരുന്ന കർത്താവായ യേശുമ്ശിഹായുടെ മാനുഷികാ ക്നൂമാ അവളുടെ രക്തത്തിൽ നിന്നാണ് എടുത്തതെന്ന ഭാഗ്യം അവൾക്കല്ലാതെ മറ്റാർക്കും ലഭിക്കുകയില്ല.

## സാക്ഷ്യപെടകം

സാക്ഷ്യപെട്ടകം യോർദ്ദാൻ നദി കടക്കുമ്പോൾ വെള്ളം രണ്ടു ഭാഗങ്ങളിലായി തിരിഞ്ഞ് മതിൽ പോലെ നിൽക്കുകയും ജനങ്ങൾ ഉണങ്ങിയ നിലത്തുകൂടി നദി കടക്കുകയും ചെയ്തു. അത് സാക്ഷ്യപെട്ടകത്തിൻെറ ശക്തി കൊണ്ടല്ല പിന്നെയോ ദൈവസാന്നിദ്ധ്യത്താലാണ്

സംഭവിച്ചത്. സാക്ഷ്യപെട്ടകം ആരുടെ ദൃഷ്ടാന്തമായിരുന്നുവോ ആ ദൈവമാതാവിന്റെ നിര്യാണത്തിങ്കൽ പല അത്ഭുതങ്ങളും പല അനുഗ്രഹങ്ങളും ഉണ്ടാകുന്നത് അതിശയമല്ല.

**സീനായി പർവ്വതം (പുറ:19: 16–23)**

ദൈവം സീനായി പർവ്വതത്തിൽ ഇറങ്ങിയപ്പോൾ പർവ്വതം ഇളകുകയും പുക വമിക്കുകയും ചെയ്തതായി വി. വേദപുസ്തകത്തിൽ നാം വായിക്കുന്നു. ദൈവത്തെ ചുമക്കുവാൻ ആർക്കും സാധിക്കുകയില്ലല്ലോ? എന്നാൽ വെറും 12 വയസ്സു മാത്രമുള്ള ഒരു യുവതി ശരീര പ്രകാരം ദൈവത്തെ വഹിച്ചതു എത്രയോ അതിശയകരമാണ്. അവൾ സീനായി പർവ്വ തത്തേക്കാളും മാലാഖമാരുടെ രഥത്തേക്കാളും വലുതായിത്തീരുന്നു. മഹാപ്രധാനാചാര്യനായ ദൈവം മഹാ വിശുദ്ധ സ്ഥലമായ ഈ യുവതിയിൽ വസിക്കുകയും (ഏശായ 45: 14–24) അവളെ ശുദ്ധീകരിക്കുകയും (എബ്രാ 9:3–12) അവളെ തന്റെ വാസസ്ഥലമാക്കി തീർക്കുകയും (അപ്പോ പ്ര 7:44–53) ചെയ്തതിന്റെ ഫലമായി അവളുടെ ഉദരം ഭാഗ്യമുള്ള തും അവളുടെ സ്തനങ്ങൾ വാഴ്ത്തപ്പെട്ടതുമായിത്തീർന്നു. (ലൂക്കോസ് 1:22–32) അവൾ ശലോമോനെക്കാളും, യോഹന്നാനേക്കാളും ശ്രേഷ്ഠമായതിനാൽ സകല വംശങ്ങളും അവൾക്കു ഭാഗ്യം നൽകേണ്ടതാണ്. (ലൂക്കോസ് 1:48).

**ക്രൂശിങ്കൽ (യോഹ 19: 25–27)**

മകന്റെ ക്രൂശിങ്കൽ അമ്മയെ കാണുക വിരളമാണ്. അനനോടുള്ള തന്റെ അതിയായ വാത്സല്യത്തിന്റെ ഒരു ചിഹ്നമാണിത്. അത് ആ സമയം മാത്രമല്ല എല്ലായ്പ്പോഴും തന്റെ മകന്റെ മുൻപാകെ നിന്നുകൊണ്ട് തന്റെ ക്രൂശുമൂലം സഭയ്ക്കു വേണ്ടി മദ്ധ്യസ്ഥത വഹിച്ചുകൊണ്ട് എല്ലായ്പ്പോഴും നമുക്കുവേണ്ടി യാചിക്കുന്നു.

**പ്രായോഗികം (മത്താ 12: 43–45)**

ദൈവമാതാവിന്റെ പുകഴ്ചകളെ ഉദ്ഘോഷിക്കുവാൻ യാതോരു നാവുകളാലും സാദ്ധ്യമല്ല. അവൾ എല്ലായ്പ്പോഴും നമ്മോടു കൂടെയുള്ളതിനാൽ അവളെ നാം എപ്പോഴും ബഹുമാനിക്കേണ്ടതാണ്. അവളുടെ പുകഴ്ചകളിലെല്ലാം പങ്കു കൊള്ളുവാൻ നാം ബാദ്ധ്യസ്ഥരാണ്. അവളുടെ മാഹാത്മ്യം ദൈവത്തിന്റെ ഇഷ്ടം ചെയ്തു എന്നുള്ളതാണ്. ദൈവത്തിന്റെ ഇഷ്ടം ചെയ്യുന്നവനാരോ അവർ എന്റെ മാതാക്കളും സഹോദരന്മാരും ആകുന്നു. എന്ന് കർത്താവ് പറഞ്ഞിരിക്കുന്നതിനാൽ ദൈവമാതാവ് നമുക്കു നല്ല മാതൃകയായിരിക്കട്ടെ. കർത്താവിൽ നിദ്രകൊള്ളുന്നവർ ഭാഗ്യവാന്മാർ ആയതിനാലും മരണം എല്ലാവർക്കും ഉള്ളതിനാലും ഭാഗ്യമുള്ള മരണം സിദ്ധിപ്പാനായി ദൈവഭക്തർ എപ്പോഴും കാത്തിരിക്കേണ്ടതാണ്.

ദൈവമാതാവിന്റെ ശൂനോയോ പെരുന്നാൾ ആഗസ്റ്റ് 15–ന് സൂറിയാനി സഭ ആചരിക്കുന്നു. ഈ ലേഖനം പുണ്യ ശ്ലോകനായ മോർ ക്രിസോസ്റ്റമോസ് സലാമ മെത്രാപ്പോലീത്തായുടെ ജീവജലം എന്ന ഗ്രന്ഥത്തിൽ നിന്ന് എടുത്തിട്ടുള്ളതാണ്.


എന്റെ ബുദ്ധികൊണ്ട് ഗ്രഹിക്കാനാവാത്തതിനെ ഞാൻ വിശ്വാസത്താൽ മുറുകെപ്പിടിക്കുന്നു. (സെയിന്റ് ബെർണാർഡ്)

വിശ്വാസം യജമാനനും യുക്തിവിചാരം ദാസിയുമാണ്. (മാർട്ടിൻ ലൂഥർ)

വിശ്വാസവീരന്മാരെയല്ല തന്നെ അനുഗമിക്കുവാൻ തയ്യാറുള്ള വ്യക്തികളെയാണ് ദൈവം അന്വേഷിക്കുന്നത്. (ഹഡ്സൺ ടെയിലർ)


സെന്റ് പീറ്റേഴ്സ് യാക്കോബായ സുറിയാനി പള്ളി
യൂത്ത് അസ്സോസ്സിയേഷന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന
സൗജന്യ മെഡിക്കൽ ക്യാമ്പ്
മെഡിക്കൽ ടീം: അമേരിക്കൻ മിഷൻ ഹോസ്പിറ്റൽ
Youth Association of St. Peter's J.S.O. Church
Kingdom of Bahrain
FREE MEDICAL CAMP

## VBS-ന്റെ വിവിധ ദൃശ്യങ്ങൾ









## Summer Class-ന്റെ വിവിധ ദൃശ്യങ്ങൾ










# പി. ജെ ജോസഫ് കോർ–എപ്പിസ്ക്കോപ്പായുടെ പൗരോഹിത്യ ജൂബിലി ആഘോഷിച്ചു

നമ്മുടെ മുൻ വികാരി (1989–1990) പി. ജെ ജോസഫ് കോർ–എപ്പിസ്ക്കോപ്പായുടെ പൗരോഹിത്യ ജൂബിലി ആഘോഷിച്ചു. യൂഹാനോൻ മോർ മിലിത്തിയോസ് മെത്രാപ്പോലീത്ത അദ്ധ്യക്ഷത വഹിച്ചു. ആന്റോ ആന്റണി എം.പി ജൂബിലി ഉദ്ഘാടനം ചെയ്തു. അഡ്വ. ശിവദാസൻ നായർ എം.എൽ.എ വിവഹസഹായനിധി ഉദ്ഘാടനം ചെയ്തു. കോന്നി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് റോബിൻ പീറ്റർ ജുബിലേറിയനച്ചൻ രചിച്ച പുസ്തകം പ്രകാശനം ചെയ്തു. തുമ്പമൺ ഭദ്രാസന സെക്രട്ടറി ഫാ. സാംജി വർഗ്ഗീസ്, രാധാകൃഷ്ണൻ, ഗോപാലൻ, റവ ടി. ഴി മാത്യൂസ് കോർ–എപ്പിസ്ക്കോപ്പ, ഫാ. ജേക്കബ്ബ് ദാനിയേൽ, രാജു ജോർജ്, ഫാ. പോൾ ഇ വർഗ്ഗീസ്, ഷെവ. ഠി മാത്യു എന്നിവർ പ്രസംഗിച്ചു. പി. ജെ ജോസഫ് കോർ–എപ്പിസ്ക്കോപ്പ മറുപടി പ്രസംഗം നടത്തി.



വിശ്വാസവും സംശയവും: നിങ്ങൾ നേരിടുന്ന കൊടുങ്കാറ്റിന്റെ വലിപ്പത്തെപ്പറ്റി ദൈവത്തോടു പറയാതെ, നിങ്ങളോടൊപ്പമുള്ള ദൈവത്തിന്റെ വലിപ്പത്തെപ്പറ്റി കൊടുങ്കാറ്റിനോട് പറയുക. (വില്യം കോഫിൻ)

വിശ്വാസമുള്ളവർക്ക് കൂടുതൽ വിശദീകരണം ആവശ്യമില്ല. പക്ഷേ, അവിശ്വാസമുള്ളവർക്ക് ഏത് വിശദീകരണവും അപര്യാപ്തമാണ്. (തോമസ് അക്വിനാസ്)

തെളിവില്ലാത്ത ധാരണകളല്ല, എതിരില്ലാത്ത ആശ്രയമാണ് വിശ്വാസം. (എൽട്ടൺ ട്രൂബ്ലെഡ്)

# *Do Not.....*

Do not be afraid. God has come to test you, so that the fear of God will be with you to keep you from sinning. Exodus 20:20

Do not curse the deaf or put a stumbling block in front of the blind, but fear your God. Leviticus 19:14

Do not take advantage of each other, but fear your God. I am the LORD your God. Leviticus 25:17

Do not rule over them ruthlessly, but fear your God. Leviticus 25:43

Do not rebel against his commands, and if both you and the king who reigns over you follow the LORD your God-good! 1 Samuel 12:14

Do not be wise in your own eyes; fear the LORD and shun evil. Proverbs 3:7

Do not let your heart envy sinners, but always be zealous for the fear of the LORD. Proverbs 23:17

Do not join with the rebellious, Fear the LORD and the king, my son. Proverbs 24:21

yet because the wicked Do not fear God, it will not go well with them, and their days will not lengthen like a shadow. Ecclesiastes 8:13

Do not call conspiracy everything that these people call conspiracy; do not fear what they fear, and do not dread it. Isaiah 8:12

Do not be frightened, But even if you should suffer for what is right, you are blessed. Do not fear what they fear. 1 Peter 3:14

Do not fear, This is what I covenanted with you when you came out of Egypt. And my Spirit remains among you. Haggai 2:5

Do not be afraid; you will not suffer shame. Do not fear disgrace; you will not be humiliated. You will forget the shame of your youth and remember no more the reproach of your widowhood. Isaiah 54:4

Do not be afraid of the king of Babylon, whom you now fear. Do not be afraid of him, declares the LORD, for I am with you and will save you and deliver you from his hands. Jeremiah 42:11

Do not be afraid, for I am with you; I will bless you and will increase the number of your

descendants for the sake of my servant Abraham Genesis 26:24

Do not be afraid to go down to Egypt, for I will make you into a great nation there. Genesis 46:3

Do not be afraid. Stand firm and you will see the deliverance the LORD will bring you today. The Egyptians you see today you will never see again. Exodus 14:13

And the LORD said to him, «Go down and warn the people so they do not force their way through to see the LORD and many of them perish. Exodus 19:21

To be continued………… Collected by: SAI Manarcad

## സണ്ഡേസ്ക്കൂൾ ആരംഭിക്കുമ്പോൾ ഉപയോഗിക്കാവുന്ന പ്രാർത്ഥന

(പ്രാർത്ഥിപ്പാൻ ദൈവത്തിൻ മുമ്പിൽ............ എന്ന രീതി)

യോഗ്യതയില്ലാത്തവരെന്നാലും
കർത്താവെ നിൻ ബഹുകൃപയാൽ
നിൻ വയലിൽ ഗുരുവായ് പണി ചെയ്‌വാൻ
ഞങ്ങൾക്കർഹതയേകിയതാൽ
നാഥാ സ്തുതി തേ പാമരരാം
ശ്ലീഹർക്കറിവു കൊടുത്തവനെ
നിൻ വേദത്തിലെ യാഴമെഴും
കാര്യങ്ങളെ വെളിവാക്കീടാ
നേകുക കൃപ നീ ഞങ്ങൾക്കായ്
ബാലകരാമീ വിദ്യാർത്ഥികളെ
കർത്താവെ നീ കരുതണമെ
നിൻ വെളിവേകവർതൻ ഹൃദയത്തിൽ
നിൻ ന്യായങ്ങൾ പഠിപ്പാനും
നല്ലവരായി ജീവിപ്പാനും
യോഗ്യത നൽകണമെ സ്തുതി തേ!

# കൂശിലെ ഏഴുമൊഴികൾ (ഗാഥ)

ക്രൂശിൽ കിടന്നോരാ നേരത്തെൻ രക്ഷക–

നോതിയ വാക്യങ്ങൾ കേട്ടുകൊൾവിൻ

ആദ്യമായ് തന്നെ കുരിശിൽ തറച്ചൊരാ

യൂദർക്കായ് താതനോടോതിയിത്ഥം

“ഇവർ ചെയ്വതെന്തെന്നിവരറിയായ്കയാൽ

താതായീപ്പാപം പൊറുക്കണമെ’’ (ലൂക്കോസ് 23:34)

വലഭാഗേ ക്രൂശിലെ ചോരനോടോതിനാൻ

“പറുദീസാ പുകും നീ ഇന്നെൻ കൂടെ’’ ( ലൂക്കോസ് 23:43)

തന്മാതാവും തന്റെ വാത്സല്യ ശിഷ്യനാം

യോഹന്നാനും ചാരെ നിന്നിരുന്നു.

മാതാവോടോതി “യിതാ നിന്റെ സൂനു’’ തൻ

ശിഷ്യനോടോതി “യിതാ നിൻ മാതാ’’ (യോഹ. 19:26–27)

“എലോഹി എലോഹി ലമ്മാ ശബ്ബക്താനി’’

എന്നു നിലവിളിച്ചത്യുച്ചത്തിൽ (മർക്കോസ്. 15:34)

“ദാഹിക്കുന്നെന്നും നിവൃത്തിയാ’’ യെന്നുമെ

ചൊന്നഞ്ചാമതു മാറാമതും (യോഹന്നാൻ 19:28–30)


“താതയെൻ പ്രാണനെ തൃക്കയ്യിലേല്പിക്കു

ന്നെ’’ ന്നുര ചെയ്തവനന്ത്യമായി (ലൂക്കോസ് 23:46)

(കടപ്പാട്: പി. വി വർഗ്ഗീസ്)

**DON'T WORRY**

A Joyful 'toon by Mike Waters




Look at the birds of the air; they do not sow or reap or store away in barns, and yet your heavenly Father feeds them. Are you not much more valuable than they? Who of you by worrying can add a single hour to his life?
– MATTHEW 6:26–27

ജോൺ ബനിയൻ കഴിഞ്ഞ ലക്കം തുടർച്ച............

1671 ൽ ബനിയൻ ബഡ്ഫോർഡ് ചർച്ചിലെ പാസ്റ്ററായി നിയമിക്കപ്പെട്ടു. ലണ്ടനിൽ അങ്ങോളമിങ്ങോളം സഞ്ചരിച്ച് അനേക യോഗങ്ങളിൽ അദ്ദേഹം പ്രസംഗിച്ചു. ഏഴുമണിക്ക് തുടങ്ങുന്ന ബനിയൻെറ ആരാധനയിൽ ആയിരത്തി ഇരുനൂറോളം പേർ സംബന്ധിക്കുമായിരുന്നു. അനേകർ അദ്ദേഹത്തിൻെറ പ്രസംഗം ശ്രവിച്ച് മാനസാന്തരപ്പെട്ടിട്ടുണ്ട്. നിരന്തരമായ സുവിശേഷ പ്രവർത്തനം, എതിരാളികളുടെ കൂരമ്പുകൾ നിറച്ച പരിഹാസം, ദാരിദ്ര്യം അമ്മയില്ലാത്ത മക്കൾ തുടങ്ങിയവ ബനിയനെ മാനസികമായും ശാരിരീകമായും തളർത്തുവാൻ തുടങ്ങി. അന്ധനായ മകനെക്കുറിച്ചുള്ള ഉത്കണ്ഠ പുനർവിവാഹത്തിന് ആദ്ദേഹത്തെ നിർബന്ധിച്ചു. അങ്ങനെ സംസ്കാര സമ്പന്നയും ദൈവഭക്തയുമായ എലിശബേത്ത് എന്ന മഹിളാരത്നത്തെ അദ്ദേഹം വിവാഹം ചെയ്തു. 1659 ൽ ചാൾസ് രണ്ടാമൻ രാജാവായതോടു കൂടി സുവിശേഷ പ്രവർത്തനം തടയപ്പെട്ടു. രാജകൽപ്പനയെ ധിക്കരിച്ചുകൊണ്ടു തന്നെ ബനിയൻ സുവിശേഷ പ്രവർത്തനം തുടർന്നു. താമസിയാതെ അദ്ദേഹത്തെ അറസ്റ്റു ചെയ്തു. ചെയ്ത തെറ്റിന് മാപ്പു പറഞ്ഞ് പിന്തിരിഞ്ഞാൽ വെറുതെ വിടാമെന്ന് കോടതി പറഞ്ഞെങ്കിലും ബനിയൻ അത് കൂട്ടാക്കിയില്ല. തൻമൂലം കാരാഗൃഹത്തിൽ അടക്കപെട്ടു. ചാൾസ് രണ്ടാമൻെറ കിരീടധാരണ മഹോൽസവത്തിനു ക്ഷമായാചനം ചെയ്ത തടവുകാരെയൊക്കെ വിട്ടയച്ചു. മന:സാക്ഷിക്കു വിരുദ്ധമായി പ്രവർത്തിക്കുകയില്ലെന്ന് ഉറച്ചിരുന്നതിനാൽ ബനിയനു മോചനം ലഭിച്ചില്ല.

1675ൽ തുടങ്ങിയ ജയിൽവാസ വേളയിൽ ഏറെ പ്രാർത്ഥിക്കുവാനും ധ്യാനിക്കുവാനും എഴുതുവാനും ബനിയനു സാധിച്ചു. ആറു മാസം കൊണ്ട് അദ്ദേഹം രചിച്ച കൃതിയാണ് പരദേശി മോക്ഷയാത്ര. ക്രിസ്തീയ ജീവിതം സുദീർഘമായ ഒരു യാത്രയാണെന്നും നാശകരമായ ലോകത്തിൽ നിന്നു തുടങ്ങുന്ന ആ യാത്ര സ്വർഗമെന്ന മോക്ഷപുരിയിലാണ് ചെന്നു നിൽക്കുന്നതെന്നും അവിടേക്കുള്ള യാത്രയിൽ ഒരു വിശ്വാസിക്ക് നേരിടേണ്ടി വരുന്ന പരീക്ഷണങ്ങൾ ഏതെല്ലാമെന്നും വ്യക്തമാക്കുന്ന അതിമനോഹരമായ ഒരു ആത്മീയ കൃതിയത്രെ പരദേശി മോക്ഷയാത്ര.(Pilgrims progress). 1678 ലാണ് അതിൻെറ ആദ്യഭാഗം പ്രസിദ്ധീകരിക്കപ്പെട്ടത്. 1684 ൽ രണ്ടാം ഭാഗവും പുറത്തിറങ്ങി. സ്വന്തം ജീവിതാനുഭവംകൊണ്ടു നിറഞ്ഞതാണ് പ്രസ്തുത കൃതി. ജയിലിലെ ബുദ്ധിമുട്ടുകളും പീഢനങ്ങളുമെല്ലാം വിസ്മരിച്ചുകൊണ്ട് ആത്മീയനിർവൃതിയിൽ ഇരുന്നു രചിച്ചതാണ് ആ കൃതി. ജയിലിൽ വച്ചു തന്നെ അദ്ദേഹം രചിച്ച മറ്റൊരു പ്രശസ്ത ഗ്രന്ഥമാണ് വിശുദ്ധ യുദ്ധം (Holy War). ആത്മീയപോരാട്ടങ്ങളെക്കുറിച്ചും അതിൽ വിജയിക്കുവാനുള്ള മാർഗ്ഗങ്ങളെക്കുറിച്ചും പ്രതിപാദിക്കുന്ന പ്രസ്തുത ഗ്രന്ഥം 1680 ലാണ് വെളിച്ചം കണ്ടത്.

ജയിലിൽ ദീർഘമായ പന്ത്രണ്ടു വർഷങ്ങൾ കഴിച്ചു കൂട്ടേണ്ടതായിവന്ന ബനിയന്റെ ഉറ്റ സുഹൃത്തുക്കൾ ഒരു ബൈബിളും, ജോർജ് ഫോക്സന്റെ ജീവചരിത്രവും ആയിരുന്നു. രക്തസാക്ഷി മരണം പ്രാപിച്ച ഫോക്സ് മിഷനറിയുടെ ജീവിതകഥ ബനിയനെ കൂടുതൽ ആവേശഭരിതനാക്കി. തൂലിക പടവാളായി ഉപയോഗിച്ച ജോൺ ബനിയൻ ജയിലിനു വെളിയിൽ വന്നത് അക്ഷരങ്ങൾ നൽകിയ ശക്തിയും പ്രാപിച്ചുകൊണ്ടാണ്. പുറത്തിറങ്ങിയ ശേഷവും ഒരു നിമിഷവും പാഴാക്കാതെ അദ്ദേഹം ക്രിസ്തുവിന്റെ സുവിശേഷത്തിനായി യത്നിച്ചു. ഭാഗ്യത്തിനു രാജാവിൽ നിന്നും ആ സമയം പ്രസംഗസ്വാതന്ത്ര്യവും ലഭിച്ചിരുന്നു. ബനിയന്റെ ഉജ്ജ്വല പ്രഭാഷണങ്ങളിൽ ആകൃഷ്ടരായ ജനങ്ങൾ അദ്ദേഹത്തിനു നൽകിയ ഓമനപ്പേരാണ് ബിഷപ്പ് ബനിയൻ എന്നത്. 1688ൽ ജ്വരം ബാധിച്ച ആ പ്രഗൽഭ സുവിശേഷകൻ 1688 ആഗസ്റ്റ് 31 ന് അന്തരിച്ചു. ലണ്ടനിലെ ബൺഹിൽ ഫീൽഡ്സിലാണ് അദ്ദേഹത്തെ സംസ്ക്കരിച്ചിരിക്കുന്നത്

സമ്പാദകൻബിജുതേലപ്പിള്ളി

## 2 ദിനാർ - ഒരു മണിക്കൂറിന്റെ വില!

ഒരിക്കൽ, തിരക്കേറിയ ജോലിക്കുശേഷം, ഒരാൾ രാത്രി ഒൻപതായപ്പോൾ വീട്ടിൽ മടങ്ങിയെത്തി. കൂടുതൽ ജോലിചെയ്താൽ കൂടുതൽ വേതനം ലഭിക്കുമെന്നതിനാൽ ശരാശരി പന്ത്രണ്ടു മണിക്കൂർ അയാൾ പതിവായി ജോലി ചെയ്യാറുണ്ട്. ജോലിയിലെ പിരിമുറുക്കവും യാത്രയുടെ ക്ഷീണവും കാരണം വീട്ടിലെത്തിയാലും അയാൾ അസഹിഷ്ണുവായിരിക്കും.

ഭാര്യയും ഏഴുവയസ്സുകാരൻ മകനും അടങ്ങുന്ന ചെറിയ കുടുംബത്തെ പുലർത്തുവാനാണ് അയാൾ കഠിനാദ്ധ്വാനം ചെയ്യുന്നത്, പക്ഷേ, അവരോടൊപ്പം ബൈബിൾ വായിപ്പാനോ പ്രാർത്ഥിപ്പോനോ ഉല്ലസിപ്പാനോ ഒന്നും അയാൾ സമയം കണ്ടെത്തിയിരുന്നില്ല. മകൻ ഉണരുന്നതിനു മുൻപേ ജോലിക്കു പുറപ്പെടുന്ന അയാൾ തിരികെ എത്തുമ്പോഴേക്കും മകൻ ഉറങ്ങിക്കഴിഞ്ഞിരിക്കും. ചുരുക്കത്തിൽ, മകനെ കാണുന്ന ദിവസങ്ങൾതന്നെ ചുരുക്കം!

പതിവുപോലെ ജോലിസ്ഥലത്തുനിന്നും വൈകി എത്തിയ ആ പിതാവിനെ പതിവിനു വിരുദ്ധമായി അന്ന് കതകുതുറന്നു സ്വീകരിച്ചത് മകനായിരുന്നു. അവൻ ഡാഡിയെ സന്തോഷത്തോടെ എതിരേറ്റുകൊണ്ടു ആരാഞ്ഞു: ഡാഡീ, ഞാൻ ഒരു കാര്യം ചോദിക്കട്ടെ? എന്താണ് മോന് അറിയേണ്ടത്, ചോദിക്കാമല്ലോ... ചാരുകസേരയിൽ ഇരുന്ന് അന്നത്തെ പത്രത്തിന്റെ തലക്കെട്ടിൽ കണ്ണോടിച്ചുകൊണ്ട് അയാൾ പറഞ്ഞു.

ഡാഡീ, ഒരുമണിക്കൂർ ജോലി ചെയ്താൽ ഡാഡിക്ക് എത്ര ദിനാർ കിട്ടും? അത് നീ അറിയേണ്ട കാര്യമല്ല, ഇത്തരം ചോദ്യങ്ങൾ മേലാൽ എന്നോടു ചോദിക്കയുമരുത്? മകന്റെ ചോദ്യം കേട്ട് അയാൾക്ക് ദേഷ്യം വന്നു.

എനിക്ക് അറിയണം ഡാഡീ, എന്നോട് പറയില്ലേ? മകൻ വിടാൻ ഭാവമില്ല. നിനക്കു നിർബ്ബന്ധമാണെങ്കിൽ പറയാം, രണ്ട് ദിനാർ.. അയാൾ വഴങ്ങി.

ഓഹോ! തല താഴ്ത്തി നിന്ന മകൻ തുടർന്നു ഡാഡീ, എനിക്ക് ഒരു ദിനാർ തരാമോ? ഞാൻ കഷ്ടപ്പെട്ടുണ്ടാക്കുന്ന പണത്തിൽ നിന്നും ഒരു ദിനാർ വാങ്ങി കളിപ്പാട്ടമോ വല്ലതും വാങ്ങാനാണ് ഉദ്ദേശമെങ്കിൽ അത് നടക്കില്ല. വേഗം നിന്റെ റൂമിൽ കയറി ഉറങ്ങാൻ നോക്ക്.. പോ..! മകന്റെ ആവശ്യം കേട്ട അയാളുടെ ക്ഷമ കെട്ടു. ഡാഡിയുടെ ശകാരം കേട്ട് നൊമ്പര ഹൃദയത്തോടെ ആ മകൻ റൂമിൽ കയറി കതകടച്ചു. അവൻ പോയപ്പോൾ അയാൾ ചിന്തിച്ചു: എങ്കിലും ഇവന് എങ്ങനെ ധൈര്യം വന്നു എന്നോടതു ചോദിക്കുവാൻ...

ഭാര്യ വിളമ്പിയ അത്താഴം കഴിഞ്ഞ് കുറേ സ്വസ്ഥനായപ്പോൾ അയാൾ ചിന്തിച്ചു: മകനോട് അത്ര കഠിനമായി ഇടപെടേണ്ടായിരുന്നു. ഒരു പക്ഷേ, ഒരു ദിനാർ അവന് എന്തെങ്കിലും അത്യാവശ്യത്തിനാകാം.. ആദ്യമായിട്ടാണല്ലോ അവൻ തന്നോടു പണം ചോദിച്ചത്! അയാൾ മകന്റെ റൂം തുറന്ന് അകത്തു കയറി.

നീ ഉറങ്ങിയോ മോനേ? അയാൾ തിരക്കി ഇല്ല ഡാഡീ, ഞാൻ ഉറങ്ങിയില്ല തലയിണയിൽ മുഖം അമർത്തി വിതുമ്പിക്കൊണ്ടിരുന്ന അവൻ അത് അറിയിക്കാതെ ഡാഡിയോട് മറുപടിപറഞ്ഞു.

മോനേ, ഇതാ നീ ചോദിച്ച ഒരു ദിനാർ.. അന്നേരം ഡാഡി ടെൻഷനിലായിരുന്നു...?
ഓ.. താങ്ക്യൂ ഡാഡീ.. അയാൾ വച്ചുനീട്ടിയ ഒരു ദിനാർ വാങ്ങുവാൻ അവൻ ചാടിയെഴുന്നേറ്റു. വേഗത്തിൽ അവൻ സ്കൂൾ ബാഗ് തുറന്ന് അതിലുണ്ടായിരുന്ന ചില്ലറത്തുട്ടുകൾ ആ ഒരു ദിനാറിനോടു ചേർത്തുപിടിച്ച് ഡാഡിക്ക് നീട്ടിക്കൊണ്ടു പറഞ്ഞു: ഇതാ ഡാഡീ.. ഇതിപ്പോൾ രണ്ട് ദിനാറുണ്ട്.. ഡാഡിയുടെ ഒരു മണിക്കൂർ എനിക്കുവേണം. നാളെ എന്റെ ജന്മദിനമല്ലേ.. ഒരുമണിക്കൂർ നേരത്തെ ഡാഡി വീട്ടിൽ വരണം.. ഡാഡിയുടെ അടുത്തിരുന്ന് എനിക്ക് അത്താഴം കഴിക്കണം.

ഈ കഥ മാതാപിതാക്കന്മാർക്കു നൽകുന്ന പാഠം വലുതാണ്. മക്കൾ ദൈവം നമുക്കു നൽകിയ സമ്മാനമാണ്. മക്കളെ പത്ഥ്യോപദേശത്തിലും ദൈവഭയത്തിലും വളർത്തേണ്ട കടമ മാതാപിതാക്കളായ നമുക്കുണ്ട്. ബാലൻ നടക്കേണ്ടുന്ന വഴിയിൽ അവനെ അഭ്യസിപ്പിക്ക; അവൻ വൃദ്ധനായലും അതു വിട്ടുമാറുകയില്ല എന്ന വചനം ഓർക്കുക. അവരുടെ സ്വഭാവ രൂപീകരണത്തിനുള്ള സ്നേഹവും ശിക്ഷണവും നൽകാതെ, പണം മാത്രം അവർക്കായി സ്വരൂപിക്കുന്നവർ പിന്നീടു ദു:ഖിക്കേണ്ടിവരും. ആകയാൽ, മക്കൾക്കായി അൽപ്പസമയം വേർതിരിക്കാം. രാവിലെയും വൈകിട്ടും അവരോടൊപ്പം കുടു:ബപ്രാർത്ഥന നടത്തുവാൻ, വേദപുസ്തകം വായിക്കുവാൻ, പള്ളിയിൽ വി. കുർബ്ബാനയിൽ പങ്കെടുക്കുവാൻ, ഉള്ളം തുറന്ന് സംസാരിക്കുവാൻ, ഉല്ലസിക്കുവാൻ.. കുറച്ചു സമയമെങ്കിലും..!

## വി: വേദപുസ്തകവും, പ്രകൃതിയും

വി: വേദപുസ്തകവും, പ്രകൃതിയും ദൈവത്തിൻെറ രണ്ടു സൃഷ്ടികളാണുന്നതിൽ സംശയമില്ല. വി: യോഹന്നാൻ 1:1–ൽ ഇപ്രകാരം കാണുന്നു. ആദിയിൽ വചനം ഉണ്ടായിരുന്നു, വചനം ദൈവത്തോടുകൂടെയായിരന്നു. വചനം ദൈവമായിരുന്നു. ഉല്പത്തി 1,2 അദ്ധ്യായങ്ങളിൽ ദൈവം പ്രകൃതിയേയും, പ്രപഞ്ചത്തേയും, പരിസ്ഥിതിയേയും സൃഷ്ടിച്ചതായി സവിസ്തരം പ്രതിപാദിക്കുന്നുണ്ട്.

ദൈവത്തിൻെറ ഈ രണ്ടു സൃഷ്ടികളും തമ്മിൽ–തമ്മിൽ ബന്ധപെട്ടിരിക്കുന്നു. ദൈവം വി: വേദപുസ്തകത്തിലൂടെ തൻെറ സൃഷ്ടിയുടെ മണിമകുടമായ മനുഷ്യനോട് ആഹ്വാനം ചെയ്യുന്നത് പ്രകൃതിയിൽ നിന്നും കണ്ടുപഠിച്ച് തങ്ങളുടെ ജീവിത ചര്യകൾ ചിട്ടപെടുത്താനും, പ്രകൃതിയിൽ വേല ചെയ്ത് ജീവിക്കാനുമാണ്.

സദൃശവാക്യങ്ങൾ 6: 6,7,8 വാക്യങ്ങളിൽ ഉറുമ്പിൻെറ വഴികളെ നോക്കി ബുദ്ധി പഠിക്കുവാനും, അതിനു നായകനോ മേൽ വിചാരകനോ, അധിപതിയോ ഇല്ലാതിരിന്നിട്ടും വേനൽക്കാലത്ത് ആഹാരം ഒരുക്കുന്നതും കൊയ്ത്തുകാലത്തു തീൻശേഖരിക്കുന്നതും, കണ്ടു പഠിക്കുവാൻ ദൈവം ആഹ്വാനം ചെയ്യുന്നു.

പുതിയ നിയമത്തിൽ ദൈവരാജ്യത്തെ പ്രകൃതിയിലെ പലതിനോടും ഉപമിച്ചിരിക്കുന്നു. രാത്രിയിൽ വിതച്ച വിത്തിനോട്, കടുകുമണിയോട്, അത്തിവൃക്ഷത്തോട്. നമ്മുടെ കർത്താവിൻെറ ഉപമകളും, അത്ഭുതങ്ങളുമെല്ലാം പ്രകൃതിയിൽ നിന്ന് ഉദാഹരിച്ചും, സദൃശീകരിച്ചുമായിരുന്നു.

വിശുദ്ധ സുറിയാനിസഭ, സഭയിൽ പാഷാണ്ഡോപദേശത്തിൻെറ പ്രചാകർക്കു നൽകുന്ന മറുപടികളും പ്രകൃതിയിൽ നിന്നും ഉദ്ധരിച്ചാണ്. സ്ലീബായുടെ മൂന്നാം മണിയിൽ നാം ഇങ്ങനെ പാടുന്നു.

അത്ഭുതമാം ഫലമേകും വൃക്ഷം
കർക്കശമാം ശില മീനേവം
പാഷാണ്ഡർക്കെതിരെ ദൃഷ്ടാന്തം
മൂന്നെണ്ണം സഭ കാട്ടുന്നു,
കുഞ്ഞാടിനെ വൃക്ഷം നൽകി
തീക്കൽ പാറ ജലം നൽകി
എസ്തീറാ മത്സ്യവുമേകി
കന്യാക്ഷേപകരെ മൂന്നും
പരിഹാസത്തൊടു വീക്ഷിപ്പൂ

ഇങ്ങനെ എല്ലാ വിധത്തിലും മനുഷ്യൻെറ നിലനിൽപിനും, ആത്മീയ ഉന്നതിക്കുമുള്ള പ്രകൃതിയേയും, പ്രപഞ്ചത്തേയും, പരിസ്ഥിതിയേയും സംരക്ഷിക്കുവാനും, അതിൽ വേല ചെയ്യുവാനുമായിട്ടാണ് ദൈവം മനുഷ്യനെ ഭരമേൽപ്പിച്ചത്.

ഉല്പത്തി 2:15, 3:17, ലേവ്യ: 25:3–5, ആവ: 20:19, 22:1–4, 25:4 എന്നീ ഭാഗങ്ങളിൽ ഭൂമിയിൽ വേല ചെയ്ത് ജീവിപ്പാനും, കൃഷി ചെയ്യേണ്ട വിധവും, വൃക്ഷങ്ങൾ, മൃഗങ്ങൾ, ജല സമ്പത്ത് ഇവയെ സംരക്ഷിക്കേണ്ട വിധവും സവിസ്തരം പ്രതിപാദിച്ചിരിക്കുന്നു.

ഇപ്രകാരം ദൈവത്തിൽ നിന്നും പ്രകൃതിയിന്മേലും, പ്രപഞ്ചത്തിന്മേലും, പരിസ്ഥിതിയിന്മേലും സംരക്ഷണാവകാശം പ്രാപിച്ച മനുഷ്യൻ ഇന്നതിനെ എങ്ങനെയാക്കി തീർത്തിരിക്കുന്നു. ഇതിനെക്കുറിച്ച് ദൈവശാസ്ത്രാടിസ്ഥാനത്തിലും, വേദപുസ്താകാടിസ്ഥാനത്തിലും ചിന്തിക്കുന്നതും, പഠിക്കുന്നതുമാണ് eco-theology എന്നതുകൊണ്ട് വിവക്ഷിക്കുന്നത്.

ആർഷ ഭാരതത്തിലെ മുനി ശ്രേഷ്ഠർ പ്രകൃതിയിൽ നിന്നുമാണ് ദൈവ ദർശനം സാധ്യമാക്കിയത്. യവന തത്വചിന്തയുടെ ആദ്യ പാദങ്ങളിലും, യൂറോപ്യൻ തത്വസംഹിതകളിലും ഇത് നമുക്ക് കാണുവാൻ സാധിക്കും.

വിശ്വ ദാർശിനകനും ചിന്തകനുമായ മയ്സ്ററർ എക്കാർട്ട് ഇപ്രകാരം പറഞ്ഞിട്ടുണ്ട് മനുഷ്യന്റെ ആത്മാവിന് ലോകത്തെ കൂടാതെ ദൈവത്തെ അറിയുവാൻ സാധിക്കുമായിരുന്നെങ്കിൽ ദൈവം ലോകത്തെ സൃഷ്ടിക്കുകയില്ലായിരുന്നു. നമ്മളും ലോകവും ഉണ്ടായിരിക്കുന്നത് ദൈവത്തെ അറിയുന്നതിനും അംഗീകരിക്കുന്നതിനും വേണ്ടിയാണ്.

ഇന്നത്തെ പ്രകൃതിയുടെ അവസ്ഥയെപററി നാം ചിന്തിക്കുമ്പോൾ അതിന്റെ സംതുലിതാവസ്ഥയും ആവാസവ്യവസ്ഥയും പാടേ തകർന്നിരിക്കുന്നതായി കാണാം. ഭൗമതലം പരിശോധിക്കുമ്പോൾ. നിബിഡ വനങ്ങൾ വെട്ടി മാററി മരുഭൂമിയാക്കി. ഭൂമിയുടെ വൃക്കകളെന്നു വിശേഷിപ്പിക്കുന്ന കായലുകൾ നികത്തി അവിടെ റിസോർട്ടുകൾ സ്ഥാനം പിടിച്ചിരിക്കുന്നു. കടലുകൾ പോലും നികത്തപെടുന്ന അവസ്ഥ വന്നിരിക്കുന്നു. ശുദ്ധജലം പ്രവഹിച്ചിരുന്ന അരുവികളും, നീർത്തടങ്ങളും വററി വരണ്ട് ശുദ്ധജല ദൗർബല്യം സംജാതമായിരിക്കുന്നു. ജലസമ്പത്തും, ധാതുസമ്പത്തും കൊള്ളയടിക്കപ്പെടുന്നു.

ആകാശ വിതാനം പരിശോധിക്കുമ്പോൾ ഭൂമിയിൽ നിന്നും വൃക്ഷങ്ങളുടെ പച്ചിലകൾ വെട്ടിമാററപെടുന്നതുകൊണ്ട് പ്രകാശ സംശ്ലേഷണം നടക്കാത്തതിനാലും, ഫാക്ടറികളിൽ നിന്നും വമിക്കുന്ന കാർബൺ ഡയോക്സൈഡിന്റെ അതിപ്രസരം കൊണ്ടും അന്തരീക്ഷത്തിലെ ഓസോൺ പാളികളിൽ വിള്ളൽ വീണിരിക്കുന്നു. ഇത് പ്രകൃതിയിലെ ചൂടു കാലാവസ്ഥയുടെ ദൈർഘ്യം വർദ്ധിപ്പിക്കുന്നു. World watch institute -ന്റെ ഒരു പഠന റിപ്പോർട്ടിൽ 1975-നും 2000-നുമിടയിൽ ഈ ഭുമുഖത്തു നിന്നും 20% ജീവജാലങ്ങൾ അപ്രത്യക്ഷമായതായി രേഖപ്പെടുത്തിയിരിക്കുന്നു. ഇങ്ങനെ ഈ പരിസ്ഥിതി തകർന്ന് താളടിയുവാൻ കാരണമെന്താണ് പാശ്ചാത്യ സംസ്കാരം ഉപഭോഗസംസ്കാരന്നിനായി വാതായനങ്ങൾ തുറന്നപ്പോൾ പരിസ്ഥിതി മലിനീകരണമെന്ന ആഗോളപ്രതിഭാസം വന്നു വിരാജിച്ചു. സഹജീവികളോടും, സമസൃഷ്ടങ്ങളോടും കാട്ടിയ അനാദരവ് ജീവജാലങ്ങൾ അപ്രത്യക്ഷമാകുവാനും കാരണമായി. ഈ അവസരത്തിൽ പ്രാചീന കാലത്തെ ഒരു ചോദ്യമാണ് ഓർമ്മ വരുന്നത് ''നിന്റെ സഹോദരനെവിടെ» ഭുമിയുടെ അസംതുലിതാവസ്ഥയുടെ രോദനമായിരുന്നു ആ ചോദ്യം. സംരക്ഷകൻ സംഹാരകനായതിൽ മനംനൊന്ത ദൈവത്തിന്റെ ഹൃദയരോദനമായിരിന്നു ആ ചോദ്യം. തകർന്ന് താളടിഞ്ഞ പ്രകൃതിയേയും, പ്രപഞ്ചത്തേയും, പരിസ്ഥിതിയേയും ആ അവസ്ഥയിൽ നിന്നും സംരക്ഷിച്ച് ദൈവം ഭരമേൽപ്പിച്ച കർത്തവ്യം എങ്ങനെ നിറവേററാം. അതിനായി ദൈവത്തോടുള്ള ബന്ധം, ആത്മ ബന്ധം, സ്വസഹോദര ബന്ധം, പ്രകൃതിയോടുള്ള ബന്ധം ഇവ സുദൃഢമാക്കി പരിസ്ഥിതി സുവിശേഷം [Eco-Evangelisation or Eco-Gospel] പ്രചരിപ്പിക്കണം. അല്ലങ്കിൽ ഭൂമിയുടെ ദീനരോധനം കേൾക്കാം ഹേ മനുഷ്യാ മററു ഗ്രഹങ്ങളെപോലെ എന്നെ വന്ധ്യയാക്കല്ലെ?

പോൾസൺ വി പൈനാടത്ത്